**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 328** **01-02-2023 - ൽ മറുപടിയ്ക്ക്**

**രോഗികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വൃക്കസംബന്ധമായ അസുഖം ബാധിച്ച് ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനസഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഉണ്ട്. എല്ലാ വിഭാഗം വൃക്ക രോഗികൾക്കും വരുമാനപരിധിക്ക് വിധേയമായി, ഡയാലിസിസ് നടത്തുന്നതിന് ആഴ്ചയിൽ 1000 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000 രൂപ, ബന്ധപ്പെട്ട ആശുപത്രി (സർക്കാർ, സ്വകാര്യ ആശുപത്രി) മുഖേന ധനസഹായം നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗര ഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും പദ്ധതി ഏറ്റെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ